# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4946** **04/07/2012 ലെ മറുപടിക്ക്**

### ബേക്കറി ഉൽപ്പന്നങ്ങൾക്ക് നികുതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം: | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) ബേക്കറി ഉൽപ്പന്നങ്ങൾക്ക് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന നികുതി എത്ര ശതമാനമാണ്; | എ) കേരള മൂല്യവർദ്ധിത നികുതി നിയമം അനുസരിച്ച് ട്രേഡ് മാർക്ക് നിയമ പ്രകാരം ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്യപ്പെടാത്ത ബേക്കറി ഉൽപ്പന്നങ്ങൾ, സ്വീറ്റ്സ് കൺഫെക്ഷനറി മറ്റു ഭക്ഷണ ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് ഇപ്പോൾ 5 ശതമാനമാണ് നികുതി നിരക്ക്. എന്നാൽ ട്രേഡ് മാർക്ക് നിയമപ്രകാരം ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ നികുതി നിരക്ക് 13.5 ശതമാനമാണ്. ഇതുകൂടാതെ കേരളത്തിന്റെ തനത് ഭക്ഷ്യ ഉൽപ്പന്നങ്ങളായ ഏത്തയ്ക്കാ വറ്റൽ, മരച്ചീനി വറ്റൽ, ചക്കവറ്റൽ എന്നിവയുടെ നികുതി നിരക്ക് ബ്രാൻഡ് വ്യത്യാസം കൂടാതെ 5 ശതമാനമായി 01/04/2012 മുതൽ കുറവ് വരുത്തുകയുണ്ടായി. |
| ബി) ബ്രാന്റായി രജിസ്റ്റർ ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് എത്ര ശതമാനമാണ് ടാക്സ് നിശ്ചയിച്ചിട്ടുള്ളത്; ഇത് എന്നു മുതൽ ആണ് ഏർപ്പെടുത്തിയിട്ടുള്ളത്; | ബി) ട്രേഡ് മാർക്ക് നിയമപ്രകാരം ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ നികുതി നിരക്ക് 13.5 ശതമാനമാണ്. ഇതിന് 01/04/2005 മുതൽ പ്രാബല്യമു ണ്ട്. |

സി) ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ഉൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തുന്ന അതേ നിരക്കിൽ, കേരളത്തിന്റെ തനത് നാടൻ പലഹാരങ്ങളുൾപ്പെടെയുള്ള ബേക്കറിയുൽപ്പന്നങ്ങൾക്ക് നികുതി ഏർപ്പെടുത്തുന്നത് ഈ മേഖലയുടെ തകർച്ചയ്ക്ക് വഴിവെയ്ക്കുകയും, പതിനായിരക്കണക്കിന് കുടുംബങ്ങളുടെ വരുമാനം ഇല്ലാതാവുകയും ചെയ്യുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഡി) ബഹു രാഷ്ട്ര കുത്തകകളെ ചെറുക്കുന്നതിന്റെ ഭാഗമായി തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ട്രേഡ്മാർക്ക് രജിസ്ട്രേഷൻ എടുത്ത് ഉൽപ്പന്നങ്ങൾ ബ്രാന്റ് ചെയ്തതിന്റെ പേരിൽ കനത്ത നികുതി ഏർപ്പെടുത്തുന്നത് ഈ വ്യവസായത്തോട് സ്വീകരിക്കുന്ന നിഷേധാത്മക നിലപാടിന്റെ ഭാഗവും ഈ രംഗത്തുള്ള കുത്തക കമ്പനികളെ സഹായിക്കുകയും ചെയ്യുന്ന നിലപാടല്ലേ;

ഡി) ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ട്രേഡ് മാർക്സ് നിയമപ്രകാരം ബ്രാന്റ് നെയിം രജിസ്റ്റർ ചെയ്തവർക്ക് ഉയർന്ന നികുതി നിരക്ക് ബാധകമാക്കിയിട്ടുള്ളത്. ട്രേഡ് മാർക്സ് നിയമപ്രകാരമല്ലാതെ ബ്രാൻഡ് നെയിമിൽ ബേക്കറി ഉല്പ്പന്നങ്ങൾ വിപണനം നടത്തുന്നവർക്ക് അഞ്ച് ശതമാനം നിരക്ക് മാത്രമേ ബാധകമായിട്ടുള്ളൂ. ബഹുരാഷ്ട്ര കുത്തകകളോട് മത്സരിക്കുന്നതിനുവേണ്ടിയാണ് തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ട്രേഡ് മാർക്ക് രജിസ്ട്രേഷൻ എടുത്ത് ഉൽപ്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിപണനം നടത്തുന്നത്. അതിനാൽ ഇത്തരം യൂണിറ്റുകളെ സഹായിക്കുമ്പോൾ നികുതി ഘടനയിൽ മാറ്റം വരുത്തുന്നത് അഭികാമ്യമല്ല. കൂടാതെ ഈ വിഭാഗക്കാർക്ക് നികുതി നിരക്കിൽ കുറവ് വരുത്തുകയാണെങ്കിൽ ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ഉൽപ്പന്നങ്ങൾക്കും കുറഞ്ഞ നിരക്ക് നൽകേണ്ട സാഹചര്യം സംജാതമാകും. ഇത് റവന്യൂ വരുമാനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും . മാത്രവുമല്ല കേരളത്തിനകത്ത് ട്രേഡ് മാർക്ക് രജിസ്ട്രേഷനെടുത്ത് ബ്രാൻഡ് നെയിമിൽ വിപണനം നടത്തുന്നവർക്ക് മാത്രമായി നികുതി നിരക്ക് കുറയ്ക്കുക എന്നത് ഭരണഘടനാ വിരുദ്ധമായിരിക്കും.

| | | | |
|---|---|---|---|
| ഇ) | 2006 മുതൽ വർദ്ധിപ്പിച്ച നിരക്കിലുള്ള നികുതി 6 വർഷത്തെ കുടിശ്ശിക സഹിതം ബേക്കറി സംരംഭകരിൽ നിന്നും പിരിച്ചെടുക്കാൻ ഉത്തരവു നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ കോപ്പി ഹാജരാക്കുമോ; | ഇ) | 01/04/2005മുതൽ 1999 ലെ ട്രേഡ് മാർക്ക് നിയമപ്രകാരം ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്യപ്പെടാത്ത ബേക്കറി ഉൽപ്പന്നങ്ങൾ, സ്വീറ്റ്സ്, കൺഫെക്ഷനറി, മറ്റു ഭക്ഷണ ഉൽപ്പന്നങ്ങൾ എന്നിവയെ കേരള മൂല്യ വർദ്ധിത നികുതി നിയമത്തിന്റെ മൂന്നാം ഷെഡ്യൂളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിലുൾപ്പെടാത്തവർക്ക് 12.5 ശതമാനം നിരക്കാണ് ബാധകമാവുക (നിലവിൽ 13.5 ശതമാനം). ഈ മേഖലയിൽ നിലവിൽ നിരക്ക് വർദ്ധന നടപ്പിലാക്കിക്കൊണ്ടുള്ള ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| എഫ്) | തനത് ബേക്കറി ഉൽപ്പന്നങ്ങൾക്ക് എല്ലാം രജിസ്റ്റേർഡ് ബ്രാൻഡായി മാർക്കറ്റുചെയ്യാനും, അവയ്ക്കുള്ള നികുതി 4 ശതമാനമാക്കി നിലനിർത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | എഫ്) | കേരളത്തിന്റെ തനത് ഭക്ഷ്യ ഉല്പന്നങ്ങളായ ഏത്തയ്ക്കാ വറ്റൽ, മരച്ചീനി വറ്റൽ, ചക്കവറ്റൽ എന്നിവയുടെ നികുതി നിരക്ക്, മൂല്യവർദ്ധിത ഭക്ഷ്യഉല്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾക്ക് പ്രോൽസാഹനം നൽകുന്നതിനുവേണ്ടി ബ്രാൻഡ്/അൺബ്രാൻഡ് വ്യത്യാസം കൂടാതെ 5 ശതമാനമായി 01/04/2012 മുതൽ കുറവ് വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.